**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്**

നം.ഡിഡി3/342/2016-തസ്വഭവ തിരുവനന്തപുരം, തീയതി: 10.01.2017.

**<u>സർക്കുലർ</u>**

വിഷയം- 'ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013'- ഗുണഭോക്താക്കളുടെ അന്തിമ പട്ടിക അംഗീകരിക്കുന്നത്-സംബന്ധിച്ച്.

--------------------

'ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013' പ്രകാരം 13.10.2016 ൽ പ്രസിദ്ധീകരിച്ച മുൻഗണന/മുൻഗണനേതര പട്ടികയിന്മേൽ പരാതികളും ആക്ഷേപങ്ങളും സ്വീകരിച്ച് വെരിഫിക്കേഷൻ, അപ്പീൽ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അന്തിമ പട്ടിക അംഗീകരിച്ച് പ്രമേയം പാസ്സാക്കുന്നതിന് 31.01.2017 വരെ സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. അന്തിമ പട്ടികയിൽ അനർഹരായവർ വീണ്ടും ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതാത് ഭരണസമിതികൾ മുൻഗണനാ പട്ടിക പരിശോധിച്ച് അവരെ ഒഴിവാക്കുന്നതിന് ശുപാർശ ചെയ്യുന്നതിന് വേണ്ടി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിശേഷാൽ ഭരണസമിതിയോഗം ചേരുന്നതിനും ഗുണഭോക്തൃപട്ടികയ്ക്ക് സമയപരിധിക്കുള്ളിൽ അംഗീകാരം നൽകുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**വി.ആർ.ദിലീപ്കുമാർ**
അഡീഷണൽ സെക്രട്ടറി

16/1/2017

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
4. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
5. ഭക്ഷ്യ-പൊതുവിതരണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
6. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. എല്ലാ നഗരസഭാ മേയർമാർക്കും/ പ്രസിഡന്റുമാർക്കും /സെക്രട്ടറിമാർക്കും (പകർപ്പ് നഗരസഭാ ഡയറക്ടർ മുഖേന)
8. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും,/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന )
9. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും,/സെക്രട്ടറിമാർക്കും (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ മുഖേന)
10. ഡയറക്ടർ പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
11. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
12. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ